## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 850 — 25.01.2018-ൽ മറുപടിക്ക്

### റ്റി. ആർ.ഡി.എം. മിഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പുനരധിവസിക്കപ്പെട്ട പട്ടികവർഗ്ഗക്കാരുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് റ്റി.ആർ.ഡി.എം. മിഷൻ രൂപീകൃതമായിട്ടുണ്ടോ; | എ) | രൂപീകൃതമായിട്ടുണ്ട്. |
| ബി) | പ്രസ്തുത മിഷൻ വഴി നടപ്പിലാക്കിയ പുനരധിവാസ പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ? | ബി) | ഭൂരഹിതരെ പുനരധിവസിപ്പിച്ച പ്രദേശങ്ങളിൽ ഭവനം, റോഡ്, കുടിവെള്ളം, വൈദ്യുതി ലഭ്യമാക്കൽ എന്നീ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള പ്രോജക്ടുകൾ മിഷൻ മുഖേന നടപ്പിലാക്കുന്നുണ്ട്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, സ്വയം തൊഴിൽ പദ്ധതികൾ, ആരോഗ്യപരിപാലന പദ്ധതികൾ, വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ, പുനരധിവാസ മേഖലകളിൽ വനാതിർത്തിയിൽ ഫെൻസിംഗുകൾ സ്ഥാപിക്കുക തുടങ്ങിയ പദ്ധതികളാണ് മിഷൻ മുഖേന നടപ്പാക്കി വരുന്നത്. മിഷൻ മുഖേന നടപ്പിലാക്കിയ പ്രധാന പുനരധിവാസ മേഖലകൾ കാസർഗോഡ് ജില്ലയിൽ കിനാനൂർ, കുഞ്ചത്തൂർ, കണ്ണൂർ ജില്ലയിലെ ആറളം, ആലക്കോട്, വയനാട് ജില്ലയിൽ സുഗന്ധഗിരി, പൂക്കോട്, ചീങ്ങേരി, കുന്നത്തിടവക, കോഴിക്കോട് ജില്ലയിലെ മുതുകാട്, വട്ടച്ചിറ, പേരാമ്പ്ര, എറണാകുളം ജില്ലയിലെ നേര്യമംഗലം, എടക്കാട്ടുവയൽ, പന്തപ്ര, ഇടുക്കി ജില്ലയിലെ മറയൂർ, കുണ്ടള, പൂപ്പാറ, ചിന്നക്കനാൽ, കോട്ടയം ജില്ലയിലെ മടുക്ക, പത്തനംതിട്ട ജില്ലയിലെ തലപ്പള്ളി, ഏനാദിമംഗലം, കൊല്ലം ജില്ലയിലെ അരിപ്പ, കുരിയോട്ടുമല എന്നിവയാണ്. |

സെക്ഷൻ ഓഫീസർ